LIBRARY ARCHIVES Kerala Legislative Assembly

കായൽ മലിനീകരണം

19 (*169) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുവാൻ പരിസ്ഥിതി വകുപ്പ് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വെള്ളായണി, കവ്വായി, ശാസ്താംകോട്ട കായലുകളുടെ മലിനീകരണം നിയന്ത്രിച്ചും പരിപാലിച്ചും സംരക്ഷിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കർമ്മ പദ്ധതിയുടെ ഫലപ്രദമായ പൂർത്തീകരണത്തിനുവേണ്ടി സവിശേഷതകളും പ്രയോജനങ്ങളും ജലത്തിന്റെ ഗുണനിലവാരവും അളവിലെ ഏറ്റക്കുറച്ചിലും ആവാസ വ്യവസ്ഥയുടെ സ്ഥിതിയും ഗഹനമായി പഠിക്കുകയും അവ നേരിടുന്ന ഭീഷണികളും വെല്ലുവിളികളും കൃത്യമായി കണ്ടെത്തി അവയെ ഒഴിവാക്കുന്നതിനും തന്മൂലം ആരോഗ്യകരമായ കായൽ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ഈ കർമ്മ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കയ്യേറ്റ ഭൂമി പരമാവധി ഒഴിപ്പിച്ചെടുക്കുക, സുസ്ഥിര കൃഷി രീതികൾ അവലംബിക്കുക, സുസ്ഥിരമായ കുടിവെള്ള പദ്ധതികൾ ആരംഭിക്കുക, മലിനീകരണം ഒഴിവാക്കാനുള്ള സംവിധാനങ്ങൾ സ്വീകരിക്കുക, സാനിറ്റേഷൻ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ നിർമ്മിക്കുക, മണ്ണൊലിപ്പും മണലെടുപ്പും നിയന്ത്രിക്കൽ, മറ്റ് നിർമ്മാണ രീതികളായ അഗ്രോഫോറസ്ട്രി, ജൈവവേലി, ഇക്കോട്ടൂറിസം എന്നിവ അലംബിക്കൽ, ബണ്ടുകൾ/ഭിത്തികൾ നിർമ്മിക്കൽ എന്നിവ കായൽ സംരക്ഷണ പദ്ധതിയിൽപ്പെടുന്നവയാണ്.

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജുകളും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) റവന്യൂ, കൃഷി, ജലവിഭവം, ഇറിഗേഷൻ എന്നീ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, വനം, ടൂറിസം എന്നീ വകുപ്പുകൾ/സ്ഥാപനങ്ങൾ കൂടാതെ തദ്ദേശീയ കൂട്ടായ്മകളുടെ സഹകരണവും ഉറപ്പാക്കുന്നതാണ്.

(ഡി) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുന്നതിനും ജൈവ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ കോഴിക്കോട്ടെ CWRDM (Centre for Water Resource Development and Management) ഉൾപ്പെടെയുള്ള വിദഗ്ദ്ധ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വെള്ളായണി, കവ്വായി, ശാസ്താംകോട്ട തുടങ്ങിയ കായലുകളുടെ പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾ

20 (*170) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഫീസ് പ്രവർത്തനത്തിനിടയിൽ മദ്യപിക്കുക, പുകവലിക്കുക, മദ്യപിച്ച് ഓഫീസിൽ വരിക എന്നിവ ചെയ്യുന്ന ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശം നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly